(ബി) ഇതിനാസ്പദമായ സർക്കാർ ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ ;

(സി) സൈറ്റ് പ്ലാനും ലേ ഔട്ടും അംഗീകാരം നൽകി നൽകുന്നതിന് 6-2009-ൽ നൽകിയ അപേക്ഷയിൽ തീരുമാനം എടുക്കുന്നതിന് 18 മാസ കാലതാമസം നേരിടുകയും ഇതിനായി നൽകിയ ഉത്തരവ് ഒരിക്കലും നടപ്പിലാക്കാനാവാത്ത നിബന്ധനയോടുകൂടിയതാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) എങ്കിൽ പ്രസ്തുത ഉത്തരവ് പിൻവലിച്ച് അപേക്ഷകന് ആവശ്യമായ സഹായം ചെയ്യുന്നതിന് തയ്യാറാകുമോ ;

(ഇ) പ്രസ്തുത പള്ളി പണിയുന്നതിന് ജില്ലാ കളക്ടർ നൽകിയ ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ ;

(എഫ്) 1-1-2010-നുശേഷം ആരാധനാലയം പണിയുന്നതിന് മുഖ്യ നഗരാസൂത്രകൻ നൽകിയ ഉത്തരവുകളുടെ പകർപ്പ് ലഭ്യമാക്കുമോ ?

ഉത്തരം

(എ&ബി) 1999-ലെ കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ ചട്ടം 7(9) (A) (i) പ്രകാരം പ്രസ്തുത ചട്ടത്തിന്റെ പ്രസക്ത ഭാഗങ്ങൾ അനുബന്ധം ആയി ഇതോടൊപ്പം ചേർക്കുന്നു.*

(സി&ഡി) ചട്ടപ്രകാരവും പൂർണ്ണവുമായ പ്ലാനുകൾ സമർപ്പിക്കാതിരുന്നതിനാലാണ് അംഗീകാരം നൽകുന്നതിൽ കാലതാമസം ഉണ്ടായത്. നിർമ്മാണം നടത്തുവാൻ ഉദ്ദേശിക്കുന്ന മേൽ നടപടി 15 സെന്റ് സ്ഥലത്തിനോട് ചേർന്ന് അപേക്ഷകന് മറ്റ് സ്ഥലങ്ങൾ ഇല്ലായെങ്കിൽ നിർമ്മാണ അനുമതി നൽകുന്നതിന് യാതൊരു തടസ്സവും കാണുന്നില്ല. അല്ലാത്ത പക്ഷം അപേക്ഷകന്റെ ഉടമസ്ഥതയിലുള്ള മുഴുവൻ സ്ഥലവും ഉൾപ്പെടുത്തിക്കൊണ്ട് ചട്ടപ്രകാരമുള്ള പ്ലാൻ സമർപ്പിച്ചാൽ അടിയന്തിരമായി ലേ ഔട്ട് നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

(ഇ) അനുബന്ധം ആയി ഇതോടൊപ്പം ചേർക്കുന്നു.*

(എഫ്) അനുബന്ധം ആയി ചേർക്കുന്നു.*

വനിതാ ജനപ്രതിനിധികളുടെ കുടുംബാംഗങ്ങൾക്ക് കിലയിൽ പരിശീലനം

205(1963) ശ്രീ. എം. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പഞ്ചായത്ത് ഭരണ സമിതികളിലേക്ക് പുതുതായി തെരഞ്ഞെടുക്കപ്പെട്ട വനിതാ ജനപ്രതിനിധികളുടെ കുടുംബാംഗങ്ങൾക്ക് കിലയിൽ പരിശീലനം നൽകുന്നുണ്ടോ ;

(ബി) എങ്കിൽ കുടുംബാംഗങ്ങളിൽ ആരെയെല്ലാമാണ് ഇങ്ങനെ പരിശീലനത്തിന് ക്ഷണിക്കുന്നത് ;

(സി) ഈ പരിശീലന പരിപാടികൊണ്ട് എന്താണ് ലക്ഷ്യമാക്കുന്നത് എന്ന് വ്യക്തമാക്കുമോ ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) വനിതാ ജനപ്രതിനിധികളുടെ കുടുംബാംഗങ്ങൾക്ക് കിലയിൽ പരിശീലനം നൽകണമെന്ന നിർദ്ദേശം സർക്കാരിന്റെ മുമ്പിൽ എത്തിയിട്ടുണ്ട്.

(ബി&സി) വിശദാംശങ്ങൾ തീരുമാനിച്ചിട്ടില്ല.

തദ്ദേശസ്വയംഭരണ-ഗ്രാമവികസന വകുപ്പുകളുടെ സംയോജനം

206(1964) ശ്രീ. എ. എ. അസീസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഗ്രാമവികസന വകുപ്പ് തദ്ദേശസ്വയംഭരണ വകുപ്പുമായി സംയോജിപ്പിക്കുന്നതിന്റെ നടപടിക്രമങ്ങൾ ഏതുവരെയായി എന്ന് വ്യക്തമാക്കുമോ :

(ബി) ഗ്രാമവികസന വകുപ്പിലെ ഉദ്യോഗസ്ഥരുടെ പുനർവിന്യാസം എപ്രകാരമാണ് നടത്തുന്നതെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഗ്രാമവികസന വകുപ്പ് തദ്ദേശസ്വയംഭരണ വകുപ്പിൽ ലയിപ്പിച്ചു കഴിഞ്ഞിട്ടുണ്ട്. തദ്ദേശസ്വയംഭരണ വകുപ്പിന് ഒരു പൊതു സർവ്വീസ് രൂപീകരിക്കുന്നതു സംബന്ധിച്ച നിർദ്ദേശങ്ങൾ സർക്കാരിന്റെ പരിഗണനയിലാണ്.

(ബി) 4-7-2000-ലെ സ.ഉ. (പി) നമ്പർ 187/00/തസ്വഭവ എന്ന ഉത്തരവിലെ വ്യവസ്ഥകളുടെ അടിസ്ഥാനത്തിലാണ് ഗ്രാമവികസന വകുപ്പിലെ മിനിസ്റ്റീരിയൽ വിഭാഗം ജീവനക്കാരെ തദ്ദേസസ്വയംഭരണ വകുപ്പിൽ പുനർവിന്യസിക്കുന്നത്.

എൽ.എസ്.ജി.ഡി. മിനിസ്റ്റീരിയൽ വിഭാഗം രൂപീകരിക്കാൻ നടപടി

207(1965) ശ്രീ. ബി. രാഘവൻ : താഴെ കാണുന്ന ചോദ്യത്തിന് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

എൽ.എസ്.ജി.ഡി. മിനിസ്റ്റീരിയൽ വിഭാഗം രൂപീകരിക്കുന്നതിനുള്ള നടപടി ഏതു ഘട്ടത്തിലാണ് എന്ന് വ്യക്തമാക്കുമോ ; ഇതിന് എന്തെങ്കിലും തടസ്സം ഉണ്ടെങ്കിൽ എന്താണെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

എൽ.എസ്.ജി.ഡി. പൊതു സർവ്വീസ് രൂപീകരിക്കുന്ന വിഷയം സർക്കാർ പരിഗണനയിലാണ്. എൽ.എസ്.ജി.ഡി എഞ്ചിനീയറിംഗ് വിഭാഗത്തിൽ മിനിസ്റ്റീരിയൽ വിഭാഗം രൂപീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. എഞ്ചിനീയറിംഗ് വിഭാഗത്തിലേക്ക് പൊതുമരാമത്ത് വകുപ്പിൽ നിന്നും വിട്ടുകിട്ടിയ 564 തസ്തികകൾ എൽ.എസ്.ജി.ഡി. എഞ്ചിനീയറിംഗ് വിഭാഗത്തിൽ സൃഷ്ടിച്ചുകൊണ്ട് 25-10-2008-ലെ ജി. ഒ (എംഎസ്.) നമ്പർ 283/08/തസ്വഭവ പ്രകാരം ഉത്തരവായിട്ടുണ്ട്. ജലസേചന വകുപ്പിൽ നിന്നും വിട്ടുകിട്ടേണ്ട 715 തസ്തികകൾ വിട്ടുകിട്ടുന്ന മുറയ്ക്ക് എൽ.എസ്.ജി.ഡി. എഞ്ചിനീയറിംഗ് കേഡറിൽ സ്ഥിരമായ ഒരു മിനിസ്റ്റീരിയൽ വിഭാഗം രൂപീകരിക്കുന്ന നടപടികൾ പൂർത്തീകരിക്കപ്പെടുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly